പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 645 02/11/2016 -ൽ മറുപടിയ്ക്ക്

## ശബരിമലയിൽ ഭക്തജനങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ആർ. രാജേഷ്<br>,, രാജു എബ്രഹാം<br>,, സി.കെ. ഹരീന്ദ്രൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>ബഹു. ഊർജ്ജവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| എ) | ശബരിമല മണ്ഡല മഹോത്സവം ആഗതമായിരിക്കുന്നതിനാൽ ഭക്തജനങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | എ) | ഭക്തജനങ്ങൾക്ക് വിരിവയ്ക്കുന്നതിനും, കുടിവെള്ളം, അന്നദാനം, ടോയ്‌ലറ്റ് സൗകര്യം, മെഡിക്കൽ സൗകര്യം, സുരക്ഷ എന്നീ കാര്യങ്ങളിലും മെച്ചപ്പെട്ട സൗകര്യങ്ങളൊരുക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ നടപടി കൈക്കൊണ്ടുവരുന്നു. |
| ബി) | ശബരിമലയിലെ നവീകരണ പ്രവർത്തനങ്ങളും ശുചീകരണ പ്രവർത്തനങ്ങളും ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | ബി) | നവീകരണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ശുചീകരണപ്രവർത്തനങ്ങൾക്ക് പത്തനംതിട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ശബരിമല സാനിട്ടേഷൻ സൊസൈറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) | ഏതെല്ലാം വകുപ്പുകളുടെ ഏകോപനമാണ് ഇക്കാര്യത്തിൽ നടപ്പിലാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | സി) | പോലീസ്, ഫയർഫോഴ്സ്, ഫോറസ്റ്റ്, പൊതുമരാമത്ത് വകുപ്പ്, വാട്ടർ അതോറിറ്റി, ജലസേചനം, മലിനീകരണ നിയന്ത്രണബോർഡ്, വൈദ്യുതി ബോർഡ്, ആരോഗ്യവകുപ്പ്, കെ.എസ്.ആർ.ടി.സി., മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ്, ബി.എസ്.എൻ.എൽ., ഫുഡ് സേഫ്റ്റി തുടങ്ങി വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെയാണ് നടപ്പിലാക്കി വരുന്നത്. |
| ഡി) | പ്രസ്തുത പ്രവർത്തനങ്ങൾ യഥാസമയം അവലോകനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ഡി) | യഥാസമയം അവലോകനം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ